പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2657

21.6.2012-ൽ
മറുപടിക്ക്

# ഇ-മണൽ സംവിധാനം നടപ്പിലാക്കാൻ നടപടി

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ):

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഇ-മണൽ സംവിധാനം ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിൽ ഇ-മണൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇത് നടപ്പിലാക്കിയതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ; | (ബി) ജില്ലയിൽ ഏത് ഭാഗത്തുനിന്നുള്ള അപേക്ഷകർക്കും അപേക്ഷ ക്ഷണിക്കുമ്പോൾ സ്വന്തം വീട്ടിലിരുന്നു പോലും മണലിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും മണൽ അനുവദിച്ചത് സംബന്ധിച്ചും പാസ് കൈപ്പറ്റേണ്ട തീയതി മുതലായ വിവരങ്ങളും അപേക്ഷകർക്ക് വീട്ടിലിരുന്നു തന്നെ പരിശോധിക്കാവുന്നതാണ്. കൂടാതെ മണൽ അനുവദിച്ച വിവരം എസ്.എം.എസ് സംവിധാനത്തിലും അപേക്ഷകരെ അറിയിക്കാൻ സാധിക്കും.. ഓൺലൈൻ സംവിധാന മായതിനാൽ യാതൊരുവിധത്തിലുള്ള ബാഹ്യ ഇടപെടലുകൾക്കും സാഹചര്യമില്ലാത്തതും എല്ലാ അർഹരായ അപേക്ഷകർക്കും തുല്യപ്രാധാന്യം ലഭിക്കുന്നതുമാണ്. |
| (സി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയതിനു ശേഷം ആവശ്യക്കാർക്ക് ന്യായമായ | (സി) ഉണ്ട്. |

| | |
|---|---|
| വിലയിൽ മണൽ ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | |
| (ഡി) എങ്കിൽ പ്രസ്തുത സംവിധാനം കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിനും മണൽ ലോബികളുടെ പ്രവർത്തനം നിർത്തലാക്കുന്നതിനും എന്തെങ്കിലും തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ഉണ്ട്. വാഹനവാടക സംബന്ധിച്ച നിലവിലുള്ള പ്രശ്നങ്ങൾ കൂടി പരിഹരിച്ച് ഇ-മണൽ സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**